STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010

0471 2318188
info.pol@kerala.gov.in
statepolicemediacentre

No.307/PR/SPMC/PHQ/2021 Date:17.07.2021

## ഇൻസ്റ്റാഗ്രാമിൽ വൺ മില്യൺ നേട്ടവുമായി കേരള പോലീസ്

ലോകത്ത് ഏറ്റവുമധികം പേർ പിൻതുടരുന്ന സ്റ്റേറ്റ് പോലീസ് ഫേസ്ബുക്ക് പേജ് എന്ന നേട്ടത്തിന് ശേഷം ഇപ്പോൾ പത്തു ലക്ഷം ആരാധകരുള്ള ആദ്യത്തെ പോലീസ് ഇൻസ്റ്റാഗ്രാം അക്കൗണ്ടെന്ന അപൂർവ നേട്ടം കേരള പോലീസിന് സ്വന്തം. രാജ്യത്തെ പ്രധാന പോലീസ് സേനകളായ മുംബൈ പോലീസിനെയും ബാംഗ്ലൂർ സിറ്റി പോലീസിനെയും ബഹുദൂരം പിന്നിലാക്കിയാണ് കേരള പോലീസിന്റെ ഈ ശ്രദ്ധേയമായ മുന്നേറ്റം. രാജ്യാന്തരതലത്തിൽ ഇന്റർപോളിന്റെയും ന്യൂയോർക്ക് പോലീസിന്റെയും ഇൻസ്റ്റാഗ്രാം അക്കൗണ്ടുകൾ പിൻതുടരുന്നത് അഞ്ചു ലക്ഷത്തിൽ താഴെ ആൾക്കാർ മാത്രമാണ്.

2018ൽ പോലീസ് ആസ്ഥാനത്ത് ആരംഭിച്ച സോഷ്യൽ മീഡിയ സെല്ലിന്റെ കീഴിൽ പോലീസിന്റെ നവമാധ്യമ ഇടപെടലുകൾ ഏറെ ജനപ്രീതിയാർജിക്കുകയുണ്ടായി. കൗമാരക്കാർ ഏറ്റവുമധികം ഉപയോഗിക്കുന്ന ഇൻസ്റ്റാഗ്രാമിൽ അവരുടെ അഭിരുചികൾക്കനുസൃതമായ തരത്തിൽ തയ്യാറാക്കിയ പോലിസിന്റെ ബോധവൽക്കരണ പോസ്റ്റുകളും ചെറുവിഡിയോകളും വൻ ഹിറ്റുകളായി.

എ ഡി ജി പി മനോജ് എബ്രഹാമിന്റെ മേൽനോട്ടത്തിലുള്ള സോഷ്യൽ മീഡിയ സെല്ലിൽ എ എസ് ഐ.കമൽനാഥ്, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ബിമൽ വി.എസ്, സന്തോഷ് പി.എസ്, സിവിൽ പോലീസ് ഓഫീസർമാരായ അരുൺ ബി.ടി, സന്തോഷ് കെ, അഖിൽ, നിധീഷ് എന്നീ ഉദ്യോഗസ്ഥരാണുള്ളത്.

*************************